# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ മലേഷ്യ സന്ദർശനം (മാർച്ച് 27-28, 2024)

മാർച്ച് 28, 2024

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 മാർച്ച് 27-28 തീയതികളിൽ മലേഷ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

2. മലേഷ്യൻ പ്രധാനമന്ത്രി ശ്രീ. അൻവർ ബിൻ ഇബ്രാഹിമുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രി, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശംസ അദ്ദേഹത്തെ അറിയിച്ചു. ഇന്ത്യയും മലേഷ്യയും തമ്മിലുള്ള വർദ്ധിച്ചുവരുന്ന തന്ത്രപ്രധാന പങ്കാളിത്തത്തിനു കീഴിൽ ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുന്നതിൽ പ്രധാനമന്ത്രി അൻവർ നൽകുന്ന പിന്തുണയ്ക്ക് വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു.

3. മലേഷ്യൻ വിദേശകാര്യ മന്ത്രി ഉതാമ ഹാജി മുഹമ്മദ് ബിൻ ഹാജി ഹസനുമായി വിദേശകാര്യ മന്ത്രി ഉഭയകക്ഷി കൂടിയാലോചന നടത്തുകയുണ്ടായി. രാഷ്ട്രീയം, വ്യാപാരവും സാമ്പത്തികവും, പ്രതിരോധം, ഡിജിറ്റൽ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഉൾപ്പെടെ ഉഭയകക്ഷി സഹകരണം സംബന്ധിച്ച് ഇരു നേതാക്കളും വിശദമായ ചർച്ചകൾ നടത്തി. പ്രാദേശികവും ആഗോളവുമായ താൽപ്പര്യമുള്ള വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകളും ഇരുവരും പങ്കുവച്ചു. ഡിജിറ്റൽ മന്ത്രി ശ്രീ. ഗോവിന്ദ് സിംഗ് ദിയോയുമായും വിദേശകാര്യ മന്ത്രി ചർച്ച നടത്തി.

4. സന്ദർശന വേളയിൽ, സിഇഒ-മാരുമായും വ്യവസായ പ്രമുഖരുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി. മലേഷ്യയിലെ ഇന്ത്യൻ സമൂഹ അംഗങ്ങളുമായി അദ്ദേഹം സംവദിക്കുകയും ഇന്ത്യ-മലേഷ്യ ബന്ധത്തിന് അവർ നൽകുന്ന സംഭാവനകളെ പ്രശംസിക്കുകയും ചെയ്തു.

5. ആസിയാനിലെയും ആക്റ്റ് ഈസ്റ്റ് പോളിസിയിലെയും ഇന്ത്യയുടെ ഒരു പ്രധാനപ്പെട്ട പങ്കാളിയാണ് മലേഷ്യ. വർദ്ധിച്ച തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ വിപുലമാക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ചു വ്യക്തമാക്കുന്നതിന് വിദേശകാര്യ മന്ത്രിയുടെ മലേഷ്യൻ സന്ദർശനം അവസരമൊരുക്കി.

**ന്യൂഡൽഹി**
**മാർച്ച് 28, 2024**